2026
APRIL
29
WEDNESDAY

# സൊസൈറ്റി ടുഡേ

www.societytodaynews.com
SOCIETY TODAY e-paper




# വൈദ്യുതി ഉപയോഗം വർധിച്ചു; സംസ്ഥാനത്ത് അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ്

**തിരുവനന്തപുരം:** അത്യുഷ്ണത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ഉപയോഗത്തിലുണ്ടായ അപ്രതീക്ഷിത വർദ്ധനവും ലഭ്യതയിലുാകുന്ന കുറവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൈകിട്ട് ആറിനും 12 നുമിടയിൽ അരമണിക്കൂർ ലോഡ് ഷെഡിംഗ് ഏർപ്പെടുത്തുന്നു. ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നത തലയോഗത്തിലാണ് ഇത് സംബന്ധിച്ച് തിരുമാനമെടുത്തത്. വൈദ്യുതി വിതരണം തടസ്സരഹിതമായി നിർവ്വഹിക്കാൻ ഉപഭോക്താക്കളുടെ സഹകരണം കെ.എസ്.ഇ.ബി. അഭ്യർത്ഥിച്ചു. വൈദ്യുതി വാഹന ചാർജിംഗ് വൈകുന്നേരം 6 മുതൽ രാത്രി 12 വരെ പൂർണ്ണമായി ഒഴിവാക്കി, പകൽ സമയത്തേക്ക് ക്രമീകരിക്കണം. നിലവിലെ സാഹചര്യത്തിൽ രാത്രി സമയങ്ങളിൽ എസിയുടെ ഉപയോഗം ഒഴിവാക്കാനാവില്ല. എന്നാൽ താപനില 24-26 ഡിഗ്രി സെൽഷ്യസിൽ നിലനിർത്താൻ കഴിയും. ഇങ്ങനെ ചെയ്യുന്നത് ശരീരത്തിന് ആരോഗ്യകരമാണ് എന്നു മാത്രമല്ല വലിയതോതിൽ വൈദ്യുതി ലാഭിക്കാനുമാകും. എസിയുടെ ഉപയോഗം അത്യാവശ്യമുള്ള മുറികളിൽ മാത്രമായി ചുരുക്കാനും കഴിയും. ഇൻഡക്ഷൻ കുക്കറിന്റെ ഉപയോഗവും ഈ സമയത്ത് പരമാവധി ഒഴിവാക്കണം.



വൈദ്യുതി അധികമായി ഉപയോഗിക്കുന്ന ഇലക്ട്രിക് ഹീറ്റർ, അയൺ, വാഷിംഗ് മെഷീൻ, പമ്പ് സെറ്റ് തുടങ്ങിയവയുടെ ഉപയോഗവും ഈ സമയത്ത് ഒഴിവാക്കണം, അത്യാവശ്യമല്ലാത്ത ലൈറ്റുകൾ അണയ്ക്കണമെന്നും യോഗം നിർദ്ദേശിച്ചു.

വൈദ്യുതി ആവശ്യകതയിലുായ അപ്രതീക്ഷിതമായ വർദ്ധനയാണ് പ്രതിസന്ധിക്ക് കാരണമെന്ന് യോഗം വിലയിരുത്തി. സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ വളർച്ചാ നിരക്ക് പരിശോധിച്ചാൽ പ്രതിവർഷം ഉണ്ടാകുന്ന ശരാശരി വർദ്ധനയെക്കൾ വളരെക്കൂടുതലാണ് ഇക്കൊല്ലം ഉണ്ടായിരിക്കുന്നത്. വൈകീട്ട് 6 മണിക്കുശേഷമുള്ള ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗും എസിയുടെ ഉപയോഗവും പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിലുണ്ടായ പാചകവാതക ക്ഷാമത്തെത്തുടർന്ന് ജനങ്ങൾ ഇൻഡക്ഷൻ പാചകത്തെ അധികമായി ആശ്രയിച്ചതുമാണ് വൈദ്യുതി ആവശ്യകത കുത്തനെ കൂടാൻ കാരണമായത് എന്നാണ് മനസ്സിലാകുന്നതെന്നും എന്നാൽ, രാത്രി 9.30 നുശേഷം അർദ്ധരാത്രി 12 വരെയുള്ള സമയത്തിനിടെ ചില അവസരങ്ങളിൽ മാത്രമാണ് ഉപയോഗം ക്രമാതീതമായി ഉയരുന്നതെന്നും പൊതുജനങ്ങളുടെ സഹകരണമുണ്ടെങ്കിൽ ഉത്തരവാദിത്തത്തോടെയുള്ള ഊർജ്ജ വിനിയോഗം വഴി ഈ പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമെന്നും യോഗം വിലയിരുത്തി. വൈദ്യുതി ആവശ്യകത ക്രമാതീതമായി ഉയർന്നാൽ പ്രസരണ വിതരണ ശൃംഖലയിലുണ്ടാകുന്ന കനത്ത സമ്മർദ്ദം കാരണം ഗുരുതരവും അപരിഹാര്യവുമായ പ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ട്.

വൈദ്യുതിയുടെ ഉത്തരവാദിത്തപൂർണ്ണമായ ഉപയോഗം സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് എനെർജി മാനേജ്മെന്റ് സെന്ററിനെ ചുമതലപ്പെടുത്താനും യോഗം തീരുമാനിച്ചു.

## ആന്റി നാർകോട്ടിക് കോർപ്പറേഷൻ രൂപീകരിക്കണം

**കൊച്ചി:** യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ എത്തിയാൽ ആദ്യ നടപടി ആന്റി നാർകോട്ടിക് കോർപ്പറേഷൻ രൂപീകരിക്കലായിരിക്കണമെന്നും അത്രയധികം മാരക ലഹരി സമൂഹത്തെ ബാധിച്ചു കഴിഞ്ഞെന്നും കെ.സി.ബി.സി. മദ്യലഹരി വിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറിയും വക്താവുമായ പ്രസാദ് കുരുവിള. കൊലപാതക ഭീകരത വീടുകളിലേയ്ക്കെത്തിരിക്കുന്നു.

മകൻ അമ്മയെ കഴുത്തിൽ കത്തി കുത്തിയിറക്കി കൊല്ലുകയും അച്ഛനെ കൊല്ലാൻ പറ്റിയില്ലെന്ന് പറയുകയും ചെയ്യുന്നു. സഹോദരൻ സഹോദരനെയും അമ്മയേയും മാരക ലഹരിയുടെ അടിമത്വത്തിൽ കൊന്നു കുഴിച്ചു മൂടുന്നു. ലഹരി നിർമ്മാർജ്ജനത്തിന് 2016ൽ രൂപീകരിക്കപ്പെട്ട 'വിമുക്തിമിഷൻ' നോക്കുകുത്തിയായിരുന്ന് കോടികൾ പൊടിക്കുന്നു. ലഹരി കൊടുക്കുന്നവർതന്നെ ബോധവൽക്കരണത്തിന് ഇറങ്ങുന്ന വിരോധാഭാസം ഇനി വേണ്ട. ബോധവൽക്കരണവും, ചികിത്സയും, അനധികൃത കടത്ത് തടയലും എക്സൈസ് ഡിപ്പാർട്ടുമെന്റിൽ നിന്നും എടുത്തുമാറ്റണം. വിമുക്തി മിഷൻ പിരിച്ചുവിട്ട് സർവ്വസ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ കഴിയുന്ന ക്യാബിനറ്റ് റാങ്ക് നൽകി ആന്റി നാർകോട്ടിക് കോർപ്പറേഷൻ രൂപീകരിക്കരിച്ച് സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കണമെന്നും സംസ്ഥാനത്തെ ലഹരി വിമുക്തമാക്കാൻ 2016ൽ വിമുക്തി മിഷൻ രൂപീകരിച്ചതിന് ശേഷം 1111 ബാറുകൾ സംസ്ഥാനത്തുണ്ടായി. ബെവ്കോകൺസ്യൂമർ ഫെഡ് ഔട്ട്ലെറ്റുകൾ നാനൂറടുത്തു. മദ്യത്തിന്റെ കുറവാണ് മാരക ലഹരിവസ്തുക്കളുടെ വർദ്ധനയ്ക്ക് കാരണമെന്ന് പ്രചരിപ്പിച്ചവർക്ക് മാരക ലഹരിയുടെ കുത്തൊഴുക്കിനെക്കുറിച്ച് മൗനമാണെന്നും പ്രസാദ് കുരുവിള പറഞ്ഞു.

## ഡിജിറ്റൽ പണമിടപാടുകൾ : ജാഗ്രത വേണം ; പ്രത്യേക പ്രത്യേകനിർദേശങ്ങളുമായി

**കൊച്ചി:** ഇന്ത്യയിലുടനീളം ലക്ഷക്കണക്കിന് ഉപഭോക്താക്കളുമായി ഡിജിറ്റൽ പണമിടപാടുകൾ വ്യാപകമാകുമ്പോൾ സുരക്ഷിതവും ജാഗ്രതയോടെയും ഉപയോഗിക്കാൻ പ്രത്യേത നിർദേശങ്ങളുമായി എൻപിസിഐ. പണമടയ്ക്കുന്നതിനു മുൻപ് സ്ക്രീനിൽ കാണിക്കുന്ന പേരുകൾ പരിശോധിച്ച് ഉറപ്പ് വരുത്തണം. ഔദ്യോഗികവും വിശ്വാസ്യവുമായ ആപ്പുകളിലൂടെയും വെബ്സൈറ്റുകളിലൂടെയും മാത്രമേ പണമടയ്ക്കാവൂ. പരിചയമില്ലാത്തവരിൽ നിന്ന് ലഭിക്കുന്ന ലിങ്കുകൾ തുറക്കുകയോ ആപ്പുകൾ ഡൗൺലോഡ് ചെയ്യുകയോ ചെയ്യരുത്. യുപിഐ പിൻ നമ്പർ, ഒടിപി, ബാങ്ക് വിവരങ്ങൾ എന്നിവ സ്വകാര്യവും രഹസ്യവുമാണ്. ബാങ്ക്, പോലീസ്, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നാണെന്ന് പറഞ്ഞാൽ പോലും ആരുമായും ഈ വിവരങ്ങൾ പങ്കിടരുത്. ആരെങ്കിലും അടിയന്തരമായി പണമടയ്ക്കാൻ ആവശ്യപ്പെടുകയോ വിവരങ്ങൾ ഉടൻ പങ്കിടാൻ ആവശ്യപ്പെടുകയോ ചെയ്താൽ, ഒരു നിമിഷം ചിന്തിച്ച് സത്യമെന്ന് ഉറപ്പാക്കുക. പണമിടപാടുകളുമായി ബന്ധപ്പെട്ട എസ്എംഎസ്, മൊബൈൽ ആപ്പ് സന്ദേശങ്ങൾ ഓൺ ആക്കി വെക്കുക. പണമിടപാടുമായി ബന്ധപ്പെട്ട സംശയാസ്പദമായ നമ്പറുകൾ 1930 എന്ന ദേശീയ സൈബർക്രൈം ഹെൽപ് ലൈൻ നമ്പറിലോ സഞ്ചാർ സാഥി പോർട്ടൽ വഴിയോ റിപ്പോർട്ട് ചെയ്യുക.






## ഇന്നത്തെ പരിപാടി

### കൊച്ചി

■ **ടി കെ രാമകൃഷ്ണൻ കൾച്ചറൽ സെന്റർ :** ചലച്ചിത്രകാരൻ ഷാജി എൻ കരുണിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് പുരോഗമന കലാസാഹിത്യസംഘം ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന അനുസ്മരണസമ്മേളനം വൈകിട്ട് 5.30ന്.

■ **മുളന്തുരുത്തി മാർത്തോമ്മൻ പള്ളി :** മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നടത്തിപ്പുമായി ബന്ധപ്പെട്ട യോഗം ഉച്ചകഴിഞ്ഞ് 03.00 ന് . മലങ്കരസഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിക്കും

### കളമശ്ശേരി

■ **ശ്രീ മുക്കോട്ടിൽ ക്ഷേത്രം :** ദശാവതാരം ചന്ദനം ചാർത്ത് മഹോത്സവം സമാരംഭ സഭ വൈകിട്ട് സിനിമാതാരങ്ങളായ സായ്കുമാറും ബിന്ദു പണിക്കരും ചേർന്ന് ഉദ്ഘാടനം ചെയ്യും.

### തൃപ്പൂണിത്തുറ

■ **തൃപ്പൂണിത്തുറ വടക്കേകോട്ട സെന്റ് ജോസഫ് പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ. ദിവ്യബലി, നൊവേന, ആരാധന രാവിലെ 6ന്, ഫാ.ജിപ്സൺ തോമസ് ചാണയിൽ മുഖ്യ കാർമ്മികനാകും, രാവിലെ 7.30ന് ദിവ്യബലി, നൊവേന, ആരാധന ഫാ. പ്രിൻസ് പഴമ്പിള്ളി മുഖ്യകാർമ്മികനാകും, രാവിലെ 10.45ന് ദിവ്യബലി, നൊവേന, ആരാധന ഡോ.ജോസഫ് കളത്തിപറമ്പിൽ മുഖ്യകാർമ്മികനാകും.

### കോലഞ്ചേരി

■ **സൗത്ത് നെല്ലാട് മങ്ങാട്ടര ഭദ്രകാളി ക്ഷേത്രം :** തിരുവുത്സവത്തിന്റെ ഭാഗമായി രാവിലെ 11ന് സർപ്പ പൂജ, വൈകിട്ട് 6 മണി മുതൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ, തിരുവാതിര കളി, കലാ മണ്ഡലം അജു വിജയന്റെ പ്രമാണത്തിൽ പഞ്ചാരി മേളം, ഫ്യൂഷൻ തിരുവാതിരകളി, കൈകൊട്ടികളി.

### വരാപ്പുഴ

■ **വാരപ്പുഴ ഔർ ലേഡി ഓഫ് മൗ കാർമ്മൽ ആന്റ് സെന്റ് ജോസഫ് ബസിലിക്ക :** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ വൈകിട്ട് 5.45ന് ബസിലിക്ക റെക്ടർ ഫാ ജോഷി ജോർജ് കൊടിയന്തറയുടെ മുഖ്യ കാർമികത്വത്തിൽ കൊടിയേറും.

### പിറവം

■ **സ്നേഹഭവൻ ഹാൾ :** ചാരിറ്റബിൾ സൊസൈറ്റി ഫോർ ദി വെൽഫെയർ ഓഫ് ദി ഡിസബിൾഡ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം വൈകിട്ട് 3ന്. സൊസൈറ്റി പ്രസിഡന്റ് ഫാ. തോമസ് പ്രാലേൽ അധ്യക്ഷത വഹിക്കും.

### ആലങ്ങാട്

■ **ആലങ്ങാട് സെന്റ് മേരീസ് പള്ളി :** അഡ്വ.ജോസ് വിതയത്തിലിന്റെ അഞ്ചാം ചരമവാർഷികം. ദിവ്യബലിയും തുടർന്ന് കബറിടത്തിങ്കൽ പ്രാർത്ഥനാശുശ്രൂഷകളും ഉച്ചകഴിഞ്ഞ് 5ന് നടക്കും. സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ചേരുന്ന അനുസ്മരണ സമ്മേളനം വൈകിട്ട് 6ന് ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്യും.

### ഏലൂർ

■ **ഇലഞ്ഞിക്കൽ ഭഗവതി ക്ഷേത്രം :** പ്രതിഷ്ഠാദിനം താലപ്പൊലി, മഹാ ഗുരിതി ഉത്സവം. വൈകിട്ട് 6.45ന് തിരുവാതിര കളി, നൃത്തനൃത്യങ്ങൾ.

### കാലടി

■ **മാണിക്യമംഗലം പരവത്ത് ശ്രീ മഹാവിഷ്ണു ക്ഷേത്രം :** ദശാവതാരം മഹോത്സവത്തിന്റെ ഭാഗമായി ഇന്ന് മത്സ്യാവതാരം ദീപാരാധന, പ്രസാദ ഊട്ട് രാവിലെ 6ന്.

# കെ.വി.വി.ഇ.എസ് വാർഷിക സമ്മേളനം നടത്തി




*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചേരാനെല്ലൂർ-ചിറ്റൂർ യൂണിറ്റിന്റെ വാർഷിക സമ്മേളനം ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി. സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. പി.ജി ജോസഫ്, അബ്ദുൾ ഷുക്കൂർ, സി. എസ് രാമചന്ദ്രൻ, എം. സി പോൾസൺ, ജിമ്മി ചക്യത്ത്, കെ. ടി ജോയ്, എഡ്വേർഡ് ഫോസ്റ്റസ്, കെ. എ അനൂപ്, പോൾ പേട്ട, വി. എ എഡിസൺ, ശിഹാബ്, ജയാ പീറ്റർ തുടങ്ങിയവർ സമീപം.*

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചേരാനെല്ലൂർ-ചിറ്റൂർ യൂണിറ്റിന്റെ വാർഷിക സമ്മേളനം ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി. സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു.

ചേരാനെല്ലൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് അബ്ദുൾ ഷുക്കൂർ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സി. എസ് രാമചന്ദ്രൻ, ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജില്ലാ വൈസ് പ്രസിഡന്റ് എം സി പോൾസൺ ജില്ലാ സെക്രട്ടറി കെ ടി ജോയ്, എഡ്വേർഡ് ഫോസ്റ്റസ്, വനിതാവിംഗ് പ്രസിഡന്റ് ജയാ പീറ്റർ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, എറണാകുളം നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, യൂണിറ്റ് വനിതാവിങ് പ്രസിഡന്റ് ഹസീന ബഷീർ തുടങ്ങിയവർ സംസാരിച്ചു. സമ്മേളനത്തിൽ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു. ജില്ലാ സെക്രട്ടറി കെ ടി ജോയ് തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

# കെ.വി.വി.ഇ.എസ്: ഭാരവാഹികളെ തിരഞ്ഞെടുത്തു





*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പള്ളുരുത്തി യൂണിറ്റ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട പി. സി സുനിൽ കുമാർ (പ്രസിഡന്റ്) കെ. പി ജെയിൻ (ജനറൽ സെക്രട്ടറി) ടി. എം ഇബ്രാഹിം (ട്രഷറർ) എന്നിവർ.*

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പള്ളുരുത്തി യൂണിറ്റിന്റെ 2026-2028 വർഷത്തെ ഭാരവാഹികളായി പി. സി സുനിൽകുമാർ (പ്രസിഡന്റ്), കെ. പി ജെയിൻ (ജനറൽ സെക്രട്ടറി), ടി. എം ഇബ്രാഹിം (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. പള്ളുരുത്തി വ്യാപാര ഭവനിൽ നടന്ന വാർഷിക സമ്മേളനത്തിലായിരുന്നു തിരഞ്ഞെടുപ്പ് നടന്നത്. ജില്ലാ ജനറൽ സെക്രട്ടറി സി. എസ് രാമചന്ദ്രൻ, വൈസ് പ്രസിഡന്റ് എം. സി പോൾസൺ എന്നിവർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി. സി ജേക്കബ്ബ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

യൂണിറ്റ് പ്രസിഡന്റ് പി.സി സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത് മുഖ്യപ്രഭാഷണം നടത്തി. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് എമർജൻസി മെഡിസിനിൽ ഉന്നത വിജയത്തോടെ എം.ബി.ബി.എസ്, എം.ഡി ബിരുദം നേടിയ മമത മോഹനെ പുരസ്കാരവും ക്യാഷ് അവാർഡും നൽകിയും, എം.ബി.ബി.എസ് നേടിയ ഫാത്തിമ നസ്റിൻ, ബിടെക് വിദ്യാർത്ഥി ജോയൽ നെൽസൺ എന്നിവരെ പ്രോൽസാഹന സമ്മാനം നൽകിയും ചടങ്ങിൽ ആദരിച്ചു. യൂണിറ്റ് വൈസ് പ്രസിഡന്റുമാരായ ഡെന്നി തോമസ്, കെ. യു ജബീബ്, സെക്രട്ടറിമാരായ കെ. സി ബെന്നി, കെ. എസ് അജിത്കുമാർ, വി. ഉദയൻ, കെ. യു സുധീർ തുടങ്ങിയവർ സംസാരിച്ചു.

# അച്ചടി സേവന, ഉൽപ്പന്ന നിരക്കുകൾ വർധിപ്പിച്ചു

**കൊച്ചി :** അച്ചടിക്ക് ആവശ്യമായ പേപ്പർ, മഷി, കെമിക്കൽസ്, പ്രിന്റിങ് പ്ലേറ്റുകൾ, ലാമിനേഷൻ ഫിലിം തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ വില അമിതമായി വർദ്ധിച്ച സാഹചര്യത്തിൽ അച്ചടി സേവന, ഉൽപ്പന്ന നിരക്കുകളിൽ 20% വർധനവ് വരുത്തിയതായി കേരള പ്രിന്റേഴ്സ് അസോസിയേഷൻ (കെ.പി.എ.) അറിയിച്ചു.

യുദ്ധ സാഹചര്യം മൂലം അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി ചെലവ് കുതിച്ചുയർന്നതും അച്ചടി സ്ഥാപനങ്ങളുടെ ദൈനംദിന ചെലവ് ഗണ്യമായി വർധിച്ചതും അച്ചടി ഉൽപ്പന്നങ്ങളുടെ ആവശ്യകത കുറഞ്ഞതും അച്ചടിമേഖലയെ പൊതുവായും ചെറുകിട യൂണിറ്റുകളെ പ്രത്യേകിച്ചും പ്രതിസന്ധിയിലാക്കിയിരിക്കുന്നു.

അച്ചടിവ്യവസായം കടുത്ത പ്രതിസന്ധി നേരിടുന്ന ഈ അവസരത്തിൽ നിരക്കു വർധനവ് അനിവാര്യമായിരിക്കുകയാണെന്ന് കെ.പി.എ. സംസ്ഥാന പ്രസിഡൻറ് വൈ. വിജയൻ, ജനറൽ സെക്രട്ടറി പി.എം. ഹസൈനാർ എന്നിവർ പറഞ്ഞു.

# അത്യുഷ്ണവും അൾട്രാവയലറ്റ് റേഡിയേഷനും: ജാഗ്രതാ മുന്നറിയിപ്പുമായി ആരോഗ്യ വകുപ്പ്

**കൊച്ചി:** ചൂടിലെ വർദ്ധനവ് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാനും മരണത്തിന് വരെ കാരണമായേക്കാവുന്നതുമാണെന്ന മുന്നറിയിപ്പുമായി ആരോഗ്യവകുപ്പ്. കൂടുതൽ സമയം അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുമെന്നും ആരോഗ്യവകുപ്പ് അധികൃതർ വ്യക്തമാക്കി. അമിതമായ വിയർപ്പ്, ക്ഷീണം, തലവേദന, തലകറക്കം എന്നിവ താപശരീര ശോഷണത്തിന്റെ പ്രാരംഭ ലക്ഷണങ്ങളാണ്. വിയർപ്പിലൂടെ ധാരാളം വെള്ളവും ലവണങ്ങളും നഷ്ടപ്പെടുന്നതു മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്.

എന്നാൽ അന്തരീക്ഷ താപം ഒരു പരിധിയിൽ കൂടുകയോ കഠിനമായ വെയിൽ നേരിട്ടു ഏൽക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാണ് സൂര്യാഘാതം. ശക്തി കുറഞ്ഞ് അതിവേഗം നാഡിമിടിക്കുക, അസഹ്യമായ തലവേദന, തലകറക്കം, ഉയർന്ന ശരീരോഷ്മാവ്, വറ്റി വരണ്ട ചുവന്ന ചർമം, മാനസികാവസ്ഥയിലെ മാറ്റങ്ങൾ, അബോധാവസ്ഥ എന്നിവ സൂര്യാഘാതത്തിന്റെ ലക്ഷണങ്ങളാണ് അടിയന്തര ചികിത്സ ലഭിച്ചില്ലെങ്കിൽ അപകടമാണ്. ആശുപത്രിയിലേക്കുള്ള യാത്രാമധ്യേ തണുത്ത വെള്ളം കൊണ്ട് ദേഹം തുടച്ചു തണുപ്പിക്കുക. അതുകൊണ്ട് കൊടും ചൂടിൽ നിന്ന് രക്ഷ നേടാൻ സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കുക.



പ്രത്യേകിച്ച് ഹൃദ്രോഗം. പ്രമേഹം, ചർമരോഗങ്ങൾ, കാൻസർ പോലെയുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരും പ്രായമായവർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, ആൽബനിസം പോലെയുള്ള അവസ്ഥയുള്ളവർ എല്ലാം ചൂടുകൂടി നിൽക്കുന്ന സമയത്ത് പുറത്തിറങ്ങുന്നത് നിർബന്ധമായും ഒഴിവാക്കണം. ഉഷ്ണം ഇവരുടെ ആരോഗ്യാവസ്ഥ കൂടുതൽ വഷളാക്കും. വീടിനകത്തും ഇവർക്ക് പ്രത്യേക ശ്രദ്ധ ഉറപ്പാക്കുക. പുറമേയുള്ള ജോലി ചെയ്യുന്നവർ, ഫീൽഡ് ജോലിയിൽ ഏർപെട്ടിരിക്കുന്ന ജീവനക്കാർ, ഫീൽഡ് വോളന്റിയർമാർ, തുടങ്ങിയവരും സുരക്ഷ ഉറപ്പാക്കണം. പകൽ 11 മണി മുതൽ 3 മണി വരെയുള്ള സമയങ്ങളിൽ പുറമേയുള്ള ജോലികൾ ഒഴിവാക്കി രാവിലെയോ വൈകുന്നേരമോ ആയി സമയം ക്രമീകരിച്ചു ജോലി ചെയ്യുക. വീട്ട് ജോലിയിൽ ഉൾപ്പെടെ ഏർപ്പെടുന്നവർ കൃത്യമായ ഇടവേളകളിൽ അൽപസമയം വിശ്രമിക്കാനും ശ്രദ്ധിക്കണം. വീട്ടിലും തൊഴിലിടത്തിനകത്തും പുറത്തും ധാരാളമായി ശുദ്ധജലം കുടിക്കുകയും വായുസഞ്ചാരം ഉറപ്പാക്കാനും ശരീരം തണുപ്പിക്കാനും ശ്രമിക്കണം.

ഒഴിവാക്കാൻ സാധിക്കാത്ത ആവശ്യങ്ങൾക്കായി പുറത്തിറങ്ങുന്നവർ നിർബന്ധമായും കുട ഉപയോഗിക്കണം. കുടിവെള്ളം ആവശ്യത്തിന് കയ്യിൽ കരുതരണം. പാദരക്ഷകൾ ധരിക്കണം. സൺഗ്ലാസുപയോഗിക്കാൻ സാധിക്കുന്നവർ അതുപയോഗിക്കണം. ഇളം നിറത്തിലുള്ള അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുന്നതാണ് നല്ലത്. ധാരാളമായി വെള്ളം കുടിക്കാനും വിശ്രമിക്കാനും ജലാംശം കൂടുതലുള്ളതും പോഷക സമൃദ്ധമായതും നിർജ്ജലീകരണം ഉണ്ടാക്കാത്തതുമായ ഭക്ഷണം കഴിക്കാനും ശ്രദ്ധിക്കുക. ചായ, കാപ്പി, കാർബണേറ്റഡ് ഡ്രിങ്ക്സ്, മദ്യം എന്നിവ ഒഴിവാക്കണമെന്നും ആരോഗ്യവകുപ്പ് അധികൃതർ വ്യക്തമാക്കി.

## ഫിഷ് മീൽ മേഖലയിൽ 'ട്രെയ്സബിലിറ്റി' ഉറപ്പുവരുത്തണമെന്ന് ശിൽപശാല

**കൊച്ചി:** ഫിഷ് മീൽ വ്യവസായ മേഖലയിൽ 'ട്രെയ്സബിലിറ്റി' ഉറപ്പുവരുത്തണമെന്ന് നിർദേശം. ഫിഷ് മീൽ വ്യവസായവുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ശിൽപശാലയിലാണ് നിർദേശം.

കടലിൽ നിന്നും മത്സ്യം പിടിക്കുന്നത് തൊട്ട് ഉപഭോക്താക്കളിൽ എത്തുന്നത് വരെയുള്ള് കൈമാറ്റ ശൃംഖല കൃത്യമായി രേഖപ്പെടുത്തുന്ന സംവിധാനമാണ് ട്രെയ്സബിലിറ്റി. മത്സ്യത്തീറ്റ, കോഴിത്തീറ്റ നിർമാണം തുടങ്ങിയവ ലക്ഷ്യമിട്ടുള്ളതാണ് ഫിഷ് മീൽ വ്യവസായം. അനിയന്ത്രിതവും നിയമവിരുദ്ധവുമായ മത്സ്യബന്ധനം തടയുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും ട്രെയിസബിലിറ്റി അനിവാര്യമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. ഫിഷ് മീൽ ആവശ്യങ്ങൾക്കായി ചെറുമത്തി പോലുള്ളവ പിടിക്കുന്നതിന് പകരം ആഴക്കടൽ മത്സ്യ വൈവിധ്യങ്ങൾ പരീക്ഷിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയുടെയും സിഫ്റ്റിന്റെയും നേതൃത്വത്തിൽ നടത്തിയ സംയുക്ത പഠനം ശിൽപശാലയിൽ അവതരിപ്പിച്ചു. ഇക്കാര്യത്തിൽ കൂടുതൽ ഗവേഷണം ആവശ്യമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്ന വിധത്തിലായിരിക്കണം ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കേണ്ടത്. ഫിഷ്മീൽ മേഖലയുടെ വികാസം ശാസ്ത്രീയമായ തെളിവുകളുടെയും സുസ്ഥിരതയുടെയും അടിസ്ഥാനത്തിലായിരിക്കണമെന്നും ശിൽപശാല വിലയിരുത്തി.



*ഫിഷ് മീൽ വ്യവസായവുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയിൽ നടന്ന ശിൽപശാലയിൽ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് സംസാരിക്കുന്നു.*

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ് നൈനാൻ, കേന്ദ്ര ഫിഷറീസ് ഡെപ്യൂട്ടി കമ്മീഷണർ ഡോ. സഞ്ജയ് പാണ്ഡെ, ഐ.സി.എ.ആർ അസിസ്റ്റന്റ് ഡയറക്ടർ ഡോ. ശുഭ്ദീപ് ഘോഷ്, ഡോ ജെ ജയശങ്കർ, ഡോ ശോഭ ജോ കിഴക്കൂടൻ, ഡോ സുജിത തോമസ്, ഡോ യു ഗംഗ, ഡോ അൻസാർ അലി, ഫിഷ് മീൽ വ്യവസായ പ്രതിനിധികൾ എന്നിവർ സംസാരിച്ചു.

## ഗോവർദ്ധിനിയ്ക്ക് ജില്ലയിൽ തുടക്കം

### ജില്ലാതല ഉദ്ഘാടനം നടത്തി

**കൊച്ചി:** സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഗോവർദ്ധിനി 2025-26 പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ടി.ആർ ഡോ. ഷേർളി നിർവ്വഹിച്ചു. എടക്കുന്ന് മൃഗാശുപത്രി ഹാളിൽ നടന്ന ചടങ്ങിൽ പ്രൊജക്ട് ഓഫീസർ ഡോ. ഫിജി ഫ്രാൻസിസ് അദ്ധ്യക്ഷയായി.

ജില്ലയിൽ 400 പശുക്കുട്ടികൾക്കാണ് ഈ സാമ്പത്തിക വർഷം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.തിരഞ്ഞെടുക്കപ്പെട്ട ഉയർന്ന ജനിതകശേഷിയുള്ള പശുക്കുട്ടികൾക്ക് ശാസ്ത്രീയ രീതിയിലുള്ള പരിപാലനവും ഗുണമേന്മയുള്ള തീറ്റയും കൃത്യമായ അളവിൽ നൽകി ഉയർന്ന പാലുൽപാദനം ഉറപ്പാക്കുകയാണ് പദ്ധതി ലക്ഷ്യം.

സബ്സിഡി നിരക്കിലുള്ള തീറ്റ, മികച്ച ചികിത്സ, ഇൻഷുറൻസ് പരിരക്ഷ, കർഷകർക്കുള്ള പരിശീലനം എന്നിവ ഉൾക്കൊള്ളുന്നതാണ് പദ്ധതി. മൃഗാശുപത്രികളിൽ ജനന രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കന്നുകുട്ടികളിൽ നിന്നാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. പദ്ധതിയുടെ ഭാഗമായി ക്ഷീരകർഷകർക്കായി വെറ്ററിനറി സർജൻ ഡോ. ജോമോൻ ചെറിയാന്റെ നേതൃത്വത്തിൽ പരിശീലന ക്ലാസ് സംഘടിപ്പിച്ചു.

## ഹം പാർട്ടി പുനസംഘടിപ്പിച്ചു: മുൻ എംഎൽഎ മാത്യു സ്റ്റീഫൻ ചെയർമാൻ

**കൊച്ചി:** ഹിന്ദുസ്ഥാനി അവാം മോർച്ച (ഹം) പാർട്ടിയുടെ കേരള ഘടകം പുനസംഘടിപ്പിച്ചു. മുൻ എംഎൽഎ മാത്യു സ്റ്റീഫനെ പാർട്ടിയുടെ കേരള ചെയർമാനായും, വി. നിയാസിനെ സംസ്ഥാന കോർഡിനേറ്ററായും തിരഞ്ഞടുത്തു. ശിവ ശങ്കർ (ജനറൽ സെക്രട്ടറി ചീഫ്, കേരളം), സെരിഫ് ബാബു (ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി) എന്നിവരാണ് മറ്റു ഭാരവാഹികൾ. പുതിയ ഭാരവാഹികൾ ചുമതലയേറ്റു. പാർട്ടി സംസ്ഥാന പ്രസിഡന്റായിരുന്ന സിബി ജോർജ്ജിനെ പാർട്ടി വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ പാർട്ടിയിൽ നിന്നും പുറത്താക്കിയതായി നാഷണൽ ചീഫ് ജനറൽ സെക്രട്ടറി രാജേഷ് കുമാർ പാണ്ടെ അറിയിച്ചു. ശക്തമായ അഴിച്ചു പണിയിലൂടെ കേരളത്തിൽ പാർട്ടി പുതിയ ദിശയിലേക്ക് കടക്കുകയാണ്. കേരളത്തിൽ പാർട്ടിയുടെ പ്രവർത്തനം കേന്ദ്ര നേതൃത്വം നേരിട്ട് നിരീക്ഷിക്കും.

പുതിയ നേതൃത്വത്തിന്റെ കീഴിൽ പാർട്ടി ഗ്രാസ്റൂട്ട് തലത്തിൽ പ്രവർത്തനം ശക്തമാക്കും. എൻഡിഎയുടെ ഭാഗമായി മുന്നോട്ടു പോകുന്ന പാർട്ടിയിൽ യാതൊരുവിധ അച്ചടക്ക ലംഘനങ്ങളും അഴിമതി പ്രവണതയും വെച്ചുപൊറുപ്പിക്കില്ല. മേയ് മാസത്തിൽ ദേശീയ നേതാക്കൾ കേരളത്തിലെത്തി പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമെന്നും രാജേഷ് കുമാർ പാണ്ടെ അറിയിച്ചു.



*ഹിന്ദുസ്ഥാനി അവാം മോർച്ച (ഹം) പാർട്ടി കേരള ഘടകം ചെയർമാൻ മാത്യു സ്റ്റീഫൻ, കേരള ജനറൽ സെക്രട്ടറി ചീഫ് ശിവശങ്കർ, സംസ്ഥാന കോർഡിനേറ്റർ വി. നിയാസ്, ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി സെരിഫ് ബാബു എന്നിവർ.*

## സെന്റ് സേവ്യേഴ്സ് കോളേജിൽ സൗജന്യ ബൂട്ട്ക്യാമ്പ്

**കൊച്ചി:** സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമണിൽ പ്ലസ് ടു, ബിരുദ വിദ്യാർത്ഥിനികൾക്കായി ഏപ്രിൽ 30-ന് സൗജന്യ ബൂട്ട്ക്യാമ്പ് സംഘടിപ്പിക്കുന്നു.

രാവിലെ 9.30 മുതൽ 4 വരെ നടക്കുന്ന ക്യാമ്പിൽ വ്യക്തിത്വ വികസനം, ലാബ് ആക്ടിവിറ്റികൾ, സ്റ്റാർട്ടപ്പ് ആശയങ്ങൾ എന്നിവയിൽ ക്ലാസുകൾ നൽകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 60 പേർക്കാണ് അവസരം. വിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9495714149, 0484 2623240.



# ‘കറുപ്പ്’ മേയ് 14ന് എത്തും

**ആർ** ജെ ബാലാജി സംവിധാനം ചെയ്യുന്നു സൂര്യാ ചിത്രം കറുപ്പിന്റെ ഓഡിയോ ലോഞ്ച് നടന്നു. സോളമലൈ എഞ്ചിനീയറിംഗ് കോളേജിൽ നടന്ന ചടങ്ങ്, സാധാരണ പ്രമോഷൻ പരിപാടിയെ മറികടന്ന് ഒരു സാംസ്കാരിക ഉത്സവമായി മാറി. വേദിയിലെത്തിയ സൂര്യ മധുരയോടുള്ള തന്റെ ആത്മബന്ധം പങ്കുവെച്ച്, ’28 വർഷമായി എന്നെ ഹീറോയാക്കി നിലനിർത്തുന്നത് ഈ സ്നേഹമാണ്’ എന്ന് പറഞ്ഞു. ചിത്രത്തിൽ താനല്ല, കറുപ്പു സ്വാമിയാണ് യഥാർത്ഥ നായകൻ എന്നതും അദ്ദേഹം പറഞ്ഞു. സംവിധായകൻ ആർജെ ബാലാജിയുടെ കാഴ്ചപ്പാടിനെയും സംഗീതസംവിധായകൻ സായി ആഭ്യങ്കറിന്റെ പ്രതിഭയെയും അദ്ദേഹം പ്രശംസിച്ചു. തൃഷ കൃഷ്ണ, ഇന്ദ്രൻസ് എന്നിവർ ഉൾപ്പെടെയുള്ള താരങ്ങളുടെ പ്രകടനങ്ങളും സിനിമയുടെ പ്രധാന ആകർഷണങ്ങളായിരിക്കും എന്ന് ടീം വ്യക്തമാക്കി. സംവിധായകൻ ആർജെ ബാലാജി രണ്ട് വർഷത്തിലേറെ നീ പരിശ്രമത്തിന്റെ ഫലമായാണ് കറുപ്പ് എത്തിയതെന്ന് പറഞ്ഞപ്പോൾ, ഈ ചിത്രം ഒരു വലിയ ദൃശ്യസംഗീതാനുഭവമാകുമെന്ന് സംഗീതസംവിധായകൻ സായി അഭ്യങ്കറും ആത്മവിശ്വാസം പ്രകടിപ്പിച്ചു. നിർമ്മാതാവ് എസ് ആർ പ്രഭു ഉൾപ്പെടെയുള്ള ടീമംഗങ്ങൾ ഇത് ഒരു മഹത്തായ ഉത്സവചിത്രമാകുമെന്ന് ഉറപ്പുനൽകി. 2026 മെയ് 14ന് തിയേറ്ററുകളിൽ എത്തുന്ന കറുപ്പ്, തമിഴ് സിനിമയിൽ ഏറ്റവും പ്രതീക്ഷയോടെ കാത്തിരിക്കുന്ന റിലീസുകളിലൊന്നായി മാറിയിരിക്കുകയാണ്. പി ആർ ഒ : പ്രതീഷ് ശേഖർ.

# അവാർഡിന്റെ തിളക്കത്തിൽ ‘എ പ്രെഗ്നന്റ് വിഡോ’




ദ ബുദ്ധാ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ പൂനെയിലും, ഏഴാമത് വിന്ധ്യ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ മധ്യപ്രദേശിലും മികച്ച ഫീച്ചർ ഫിലിമിനും, മികച്ച നടിക്കും ഉള്ള അവാർഡുകൾ സ്വന്തമാക്കി മലയാള സിനിമ ‘എ പ്രെഗ്നന്റ് വിഡോ’. ദ ബുദ്ധാ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ പൂനെയിൽ, മികച്ച ഫീച്ചർ ഫിലിമിനുള്ള അവാർഡ് ‘എ പ്രെഗ്നന്റ് വിഡോ’ക്കും മികച്ച നടിക്കുള്ള അവാർഡ് നടി റ്റിങ്കിൾ ജോബിക്കും ലഭിച്ചു. ഏഴാമത് മധ്യപ്രദേശ് വിന്ധ്യ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലും നാഷണൽ കാറ്റഗറിയിൽ മികച്ച ഫീച്ചർ ഫിലിമിനുള്ള നാഷണൽ അവാർഡ് എ പ്രെഗ്നന്റ് വിഡോയ്ക്കും ഫീച്ചർ ഫിലിം നാഷണൽ കാറ്റഗറിയിൽ മികച്ച നടിക്ക് ഉള്ള അവാർഡ് നടി റ്റിങ്കിൾ ജോബിക്കും ലഭിച്ചു. ഇതേ സമയം തന്നെ, രാജസ്ഥാനിലെ ജയിപ്പൂരിൽ വെച്ച് നടന്ന അമോദിനി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച നടിക്ക് ഉള്ള അവാർഡ് റ്റിങ്കിൾ ജോബിക്കും, മികച്ച തിരക്കഥക്ക് രാജേഷ് തില്ലെങ്കേരിക്കും അവാർഡ് ലഭിച്ചിരുന്നു. ശ്രീലങ്കയിലെ കൊളംബോയിൽ വെച്ച് നടന്ന 22 മത് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ശ്രീലങ്ക സിലോൺ 2026 ലും 2 അവാർഡുകൾ എ പ്രഗ്നന്റ് വിഡോക്ക് ലഭിച്ചു. മികച്ച സമൂഹിക പ്രതിബദ്ധതയുള്ള സിനിമ, മികച്ച സ്ക്രിപ്റ്റിന് രാജേഷ് തില്ലങ്കേരിക്കുമാണ് അവാർഡ് ലഭിച്ചത് .ഉണ്ണി കെ ആർ സംവിധാനം ചെയ്ത എ പ്രെഗ്നന്റ് വിഡോ, 31മത് കൽക്കത്താ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, 17 മത് ബാംഗ്ലൂർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, 24 മത് പൂനെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, 23മത് ചെന്നൈ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, മുംബൈ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, അമോദിനി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, 9മത് ഇന്റർനാഷണൽ ഫോക്ലോർ ഫിലിം ഫെസ്റ്റിവൽ, 22ന്റ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ശ്രീലങ്ക സിലോൺ ഫെസ്റ്റിവലുകളിലേക്കും തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

# ദിലീപ്– ജഗൻ ഷാജി കൈലാസ് ചിത്രം ‘നീക്കം’





**സം**വിധായകൻ ഷാജി കൈലാസിന്റെ മകൻ ജഗൻ ഷാജി കൈലാസ് ദിലീപിനെ നായകനാക്കി സംവിധാനം ചെയ്യുന്ന പുതിയ ചിത്രം നീക്കം എന്ന് പേരിട്ടു. ചിത്രത്തിന്റെ ടൈറ്റിലും, ഫസ്റ്റ് ലുക്ക് പോസ്റ്ററും പുറത്തുവിട്ടു. ഉർവ്വശി തിയേറ്റേഴ്സ്, കാക്ക സ്റ്റോറീസ് പ്രൊഡക്ഷൻസ് എന്നീ ബാനറുകളിൽ സന്ദീപ് സേനനും അലക്സ് ഇ കുര്യനും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. സംഗീത് സേനൻ, നിമിത ഫ്രാൻസിസ് എന്നിവരാണ് സഹനിർമ്മാതാക്കൾ. രഘു സുഭാഷ് ചന്ദ്രൻ എക്സിക്യൂട്ടീവ് പ്രൊഡ്യൂസറായും മനു ആലുക്കൽ പ്രൊജക്റ്റ് ഡിസൈനറായും പ്രവർത്തിക്കുന്നു. അശോകൻ, ബിനു പപ്പു, കലാഭവൻ ഷാജോൺ, സിദ്ദിഖ്, വീണ നന്ദകുമാർ, ബിലാസ് ചന്ദ്രഹാസൻ, സിറാജ്, ശാരി, രമ്യ സുരേഷ്, ദിയ ദീപൻ തുടങ്ങി വൻ താരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്. ചിത്രം ഉടൻ തന്നെ ഉർവ്വശി തിയേറ്റേഴ്സ് റിലീസ് തീയേറ്ററുകളിൽ എത്തിക്കും. വിബിൻ ബാലചന്ദ്രൻ തിരക്കഥയൊരുക്കുന്ന ഈ ചിത്രത്തിൽ ദീപക് ദേവ് സംഗീതസംവിധാനവും മുജീബ് മജീദ് പശ്ചാത്തലസംഗീതവും നിർവ്വഹിക്കുന്നു. ഛായാഗ്രഹണം: അജയ് ഡേവിഡ് കാച്ചപ്പിള്ളി, ചിത്രസംയോജനം സൂരജ് ഇ എസ്, പ്രൊഡക്ഷൻ ഡിസൈൻ; സന്തോഷ് രാമൻ, മേയ്ക്കപ്പ്: റോണക്സ് സേവ്യർ, വസ്ത്രലങ്കാരം: സമീറ സനീഷ്, ആർട്ട്: സുനിൽ ലാവണ്യ, പ്രൊഡക്ഷൻ കൺട്രോളർ: നോബിൾ ജേക്കബ് ഏറ്റുമാനൂർ, ആക്ഷൻ: മഹേഷ് മാത്യു, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ശ്യാമന്തക് പ്രദീപ്, അസോസിയേറ്റ് ഡയറക്ടർ: മുകേഷ് വിഷ്ണു, പബ്ലിസിറ്റി ഡിസൈൻസ്: യെല്ലോ ടൂത്ത്സ്. പി.ആർ.ഓ : പ്രതീഷ് ശേഖർ.

# ‘ആന്റപ്പന്റെ അത്ഭുത പ്രവർത്തികൾ ’

**ഹോം**ലി മീൽസ്, ബെൻ, പൊമ്പളൈ ഒരുമൈ, മ്യൂസിക്കൽ ചെയർ എന്നീ ചിത്രങ്ങൾക്ക് ശേഷം വിപിൻ ആറ്റ്ലീ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ‘ആന്റപ്പന്റെ അത്ഭുത പ്രവർത്തികൾ ’എന്ന കോമഡി ഫാന്റസി ചിത്രത്തിന്റെ വീഡിയോ ഗാനം റിലീസായി. വിപിൻ അറ്റ്ലീ എഴുതിയ വരികൾക്ക് ഗോപി സുന്ദർ സംഗീതം പകർന്ന് നിരഞ്ജന് സുരേഷ് ആലപിച്ച ഗാനമാണ് റിലീസായത്. സ്വതന്ത്രമായ അവതരണശൈലി രചനയിലും സംവിധാനത്തിലും പുതുമയോതെ സ്വീകരിക്കുന്നതു കൊണ്ട് ശ്രദ്ധേയനായ വിപിൻ അറ്റ്ലീ ഈ ചിത്രം ഉടൻ പ്രദർശനത്തിനെത്തുന്നു. വിപിൻ ആറ്റ്ലീ, സാജിദ് യാഹ്യ എന്നിവരോടൊപ്പം ഡോമിനിക്, കലേഷ് കണ്ണാട്ട്, ജെറി ജെക്കബ്, സൂരജ് ടോം, രഞ്ജിനി മേനോൻ, ശർമാജി, ജോസ് മുനമ്പം, മോസപ്പൻ, ഡിക്സൺ പൊടുത്താസ്, ഷാഫി ചെമ്മാട്, ഉണ്ണി ശിവപാൽ, ടിങ്കിൾ ജോബി, മഞ്ജുശ്രീ, ശ്രീജ ദാസ് എന്നിവർ പ്രധാന വേഷങ്ങളിൽ എത്തുന്നു. മാക്രോം പിക്ച്ചേഴ്സ് അവതരിപ്പിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സന്തോഷ് അനിമ നിർവഹിക്കുന്നു. എഡിറ്റിംഗ് രാജേഷ് കോടോത്ത്, ഗോപകുമാർ നമ്പ്യാർ, പി ആർ ഒ എ എസ് ദിനേശ്.

# ‘ബൂംബാങ് ’




**സി**ജു വിത്സൺ,സിദ്ധാർത്ഥ് ഭരതൻ,അരുൺ കുര്യൻ, ദേവിക സതീഷ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജുനൈദ് മുഹമ്മദ് സംവിധാനം ചെയ്യുന്ന ‘ബൂംബാങ് ’ എന്ന പുതിയ ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമ്മവും എറണാകുളം ചാവറ കൾച്ചറൽ സെന്റർ വെച്ച് നടന്നു. സിബി മലയിൽ സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചപ്പോൾ നിർമ്മാതാവ് ലിസ്റ്റിൻ സ്റ്റീഫൻ ആദ്യ ക്ലാപ്പടിച്ചു. നിഷാന്ത് സാഗർ, ജിബിൻ ഗോപിനാഥ്, സജിൻ ചെറുകയിൽ, ഗോകുലൻ,സുബിൻ ടാർസൺ, നിഹാദ് തോപ്പി, മിഥുട്ടി(കുട്ടി), ഷാരിഖ് മുഹമ്മദ്, വിക്കി തഗ്, ശ്രീനാഥ് കെ ജനാർദനൻ, ഷമീർ ഖാൻ എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ. ബ്രിട്ടീഷ് സിനിമാസിന്റെ ബാനറിൽ ഹാരിസ് മൊയ്തുട്ടി, ജിഷ്ണു ശങ്കർ, ശ്രീധർ ചേനി, ജോജി ജിതേന്ദ്രൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജിൻഷാദ് ഗുരുവായൂർ നിർവ്വഹിക്കുന്നു. ലൈൻ പ്രൊഡ്യൂസർ ഗിരീഷ് കൊടുങ്ങല്ലൂർ, ജിൻഷാദ് ഗുരുവായൂർ കഥ, തിരക്കഥ സംഭാഷണം എഴുതുന്നു. എഡിറ്റർ നിർമ്മൽ ആർ, കലാസംവിധാനം അനൂപ് വിജയകുമാർ, സംഗീതം ജുബൈർ മുഹമ്മദ്, പ്രൊഡക്ഷൻ കൺട്രോളർ പ്രസാദ് നമ്പിയങ്കാവ്, മേക്കപ്പ് റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം മെൽവി ജെ, ആക്ഷൻ കൊറിയോഗ്രാഫർ റോബിൻ ടോം,ഓഡിയോഗ്രഫി ഗോകുൽ ഗോപിനാഥ്, സ്റ്റിൽസ് രാഹുൽ എം സത്യൻ, എസ് ബി കെ ഷുഹൈബ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ തൻവിൻ നസീർ, ചീഫ് അസോസിയേറ്റ് ഡിഒപി ഹേംചന്ദ് ഹേമചന്ദ്രൻ, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്ത്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഷാജി കൊല്ലം, ലോക്കേഷൻ എറണാകുളം, കണ്ണൂർ. പി ആർ ഒഎ എസ് ദിനേശ്.

# ബിസിനസ് സ്ഥാപനങ്ങളുടെ നിലനിൽപ്പിന് ഭീഷണിയായി തട്ടിപ്പു സംഘങ്ങൾ വളരുന്നുവെന്ന് റിപ്പോർട്ട്

**കൊച്ചി:** വ്യവസായ സ്ഥാപനങ്ങളുടെ സുരക്ഷാ സംവിധാനങ്ങളെ മറികടക്കാൻ കഴിയുന്ന രീതിയിൽ രാജ്യത്ത് തട്ടിപ്പു സംഘങ്ങൾ വളരുന്നതായി ആഗോള ഡാറ്റ, സാങ്കേതിക സേവനദാതാക്കളായ എക്സ്പീരിയൻ പുറത്തിറക്കിയ പഠന റിപ്പോർട്ടിൽ പരാമർശിക്കുന്നു. ഓൺലൈനായും അല്ലാതെയും നടക്കുന്ന ഇത്തരം തട്ടിപ്പുകളെ പ്രതിരോധിക്കാൻ രാജ്യത്തെ മിക്ക സ്ഥാപനങ്ങളും കൃത്യമായ തയ്യാറെടുപ്പുകൾ നടത്തുന്നില്ലെന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പഠനവിധേയമായതിൽ 69 ശതമാനം കമ്പനികളിലും തട്ടിപ്പുകൾ തടയുന്നതിന് ആവശ്യമായ സാങ്കേതിക പരിഹാരങ്ങളില്ല.

ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള തട്ടിപ്പുകളാണ് കൂടുതലും. ബാങ്കിങ്, ടെലികോം മേഖലകളിൽ വ്യക്തിവിവരങ്ങൾ ചോർത്തുന്ന തട്ടിപ്പുകൾ വർധിക്കുമ്പോൾ, ഇകൊമേഴ്സ് മേഖലയിൽ വ്യാജമായ റീഫണ്ട് ആവശ്യപ്പെടുന്ന രീതിയാണ് വെല്ലുവിളി ഉയർത്തുന്നത്. പ്രതിസന്ധികൾക്കിടയിലും, മികച്ച സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ പ്രതിരോധ മാർഗം നടപ്പിലാക്കാൻ 83 ശതമാനം കമ്പനികളും തയ്യാറാണ്. തട്ടിപ്പുകളെക്കുറിച്ചും അവയ്ക്കുള്ള പരിഹാരങ്ങളെക്കുറിച്ചും കൂടുതൽ ബോധവാന്മാരാകുകയാണ് പ്രധാനം.

ഇതിന് മെഷീൻ ലേണിങ് സഹായിക്കുന്നതായി കമ്പനികൾ സാക്ഷ്യപ്പെടുത്തി. തട്ടിപ്പുകൾക്കെതിരെ നൂതന സാങ്കേതിക സംവിധാനങ്ങളുടെയും വിദഗ്ധരായ ആളുകളുടെയും സേവനം കമ്പനികൾ ഉറപ്പാക്കുമെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

# ക്രിക്കറ്റ് ആവേശത്തിനൊപ്പം സമ്മാനങ്ങൾ നേടാം

## പുതിയ ക്യാമ്പയിനുമായി എ.ബി.സി

**കൊച്ചി:** ഈ ക്രിക്കറ്റ് സീസണിൽ ബദാമിന്റെ പോഷകഗുണങ്ങളും കളിയുടെ ആവേശവും സമന്വയിപ്പിച്ചുകൊ് കാലിഫോർണിയ ആൽമ്ന്ട് പുതിയ ക്യാമ്പയിൻ അവതരിപ്പിച്ചു. 'സൂപ്പർഫുഡ് ഫോർ എ സൂപ്പർ യൂ' എന്ന ബ്രാൻഡ് പ്ലാറ്റ്ഫോമിന് പ്രശസ്ത ക്രിക്കറ്റ് താരം നവജ്യോത് സിങ് സിദ്ധു തുടക്കം കുറിച്ചു. സിദ്ധുവിന്റെ സവിശേഷമായ ഊർജ്ജസ്വലതയോടെ ആരാധകരെ ഈ ആഘോഷങ്ങളിൽ പങ്കുചേരാനും വലിയ സമ്മാനങ്ങൾ നേടാനും ക്യാമ്പയിൻ ക്ഷണിക്കുന്നു. വിറ്റാമിൻ ഇ, പ്രോട്ടീൻ, ഫൈബർ, മഗ്നീഷ്യം തുടങ്ങി 24 പോഷകങ്ങൾ അടങ്ങിയ ബദാം മികച്ചൊരു സൂപ്പർഫുഡ് കൂടിയാണ്. കായികതാരങ്ങൾക്കും ആരാധകർക്കും ഒരുപോലെ ഊർജ്ജം നൽകാനും മികച്ച ആരോഗ്യം നിലനിർത്താനും കാലിഫോർണിയ ബദാമുകൾ സഹായിക്കുന്നു. ഏപ്രിൽ 27 മുതൽ മെയ് 24 വരെ നീുനിൽക്കുന്ന ഡിജിറ്റൽ മത്സരമാണ് ക്യാമ്പയിന്റെ പ്രധാന ആകർഷണം. തത്സമയ ക്രിക്കറ്റ് മത്സരങ്ങൾ നടക്കുമ്പോൾ അഹാ്ീറണശി. രീാ എന്ന വെബ്സൈറ്റ് സന്ദർശിച്ച് ആർക്കും മത്സരത്തിൽ പങ്കുചേരാം. ഒടിപി വെരിഫിക്കേഷൻ വഴി ലളിതമായി രജിസ്റ്റർ ചെയ്യാവുന്ന ഈ പ്ലാറ്റ്ഫോമിൽ ഓഗ്മെന്റഡ് റിയാലിറ്റി സാങ്കേതികവിദ്യയാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രത്യേകം ആപ്പുകൾ ഡൗൺലോഡ് ചെയ്യാതെ തന്നെ ആരാധകർക്ക് ഈ വെർച്വൽ ഗെയിമിന്റെ ഭാഗമാകാം. മത്സരത്തിനിടയിലെ നിർണായക നിമിഷങ്ങളായ സിക്സറുകൾ, ഫോറുകൾ, വിക്കറ്റുകൾ എന്നിവ സംഭവിക്കുമ്പോൾ സ്ക്രീനിൽ തെളിയുന്ന വെർച്വൽ ബദാമുകളിൽ ടാപ്പ് ചെയ്ത് പോയിന്റുകൾ നേടാം. ഓരോ ആഴ്ചയും ലീഡർബോർഡിൽ മുന്നിലെത്തുന്നവർക്ക് പ്രമുഖ ക്രിക്കറ്റ് മത്സരങ്ങളുടെ ടിക്കറ്റുകളും, സീസണിലുടനീളം മികച്ച പ്രകടനം നടത്തുന്നവർക്ക് ഫൈനൽ മത്സരത്തിനുള്ള ടിക്കറ്റുകളും ഗ്രാൻഡ് പ്രൈസായി ലഭിക്കും.

# പുത്തൻ രൂപത്തിൽ മിരിൻഡ വിപണിയിൽ

**കൊച്ചി:** മിരിൻഡയുടെ പുതിയ ആഗോള പ്ലാറ്റ്ഫോമായ 'സ്മൈൽ പ്ലീസ്', പരിഷ്കരിച്ച ലോഗോ എന്നിവ പുറത്തിറക്കി.




ജെൻ സി വിഭാഗത്തെ ആകർഷിക്കുന്ന വിധത്തിലാണ് പുതിയ ഡിസൈൻ രൂപകൽപ്പന ചെയ്ത് തയ്യാറാക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ക്യാംപയിന്റെ ഭാഗമായി 'സ്മൈൽ ചെയിൻ' എന്ന ഡിജിറ്റൽ പരിപാടിയും ആരംഭിച്ചു. മാറുന്ന ഉപഭോക്തൃ അഭിരുചികൾക്ക് അനുസൃതമായി മിരിൻഡയെ കൂടുതൽ ആകർഷകമാക്കാനാണ് ഈ പരിഷ്കാരങ്ങളെന്ന് പെപ്സികോ ഇന്ത്യ ആൻഡ് സൗത്ത് ഏഷ്യ വി.പി നിതിൻ ഭണ്ഡാരി വ്യക്തമാക്കി. ഇന്ത്യയുൾപ്പെടെയുള്ള വിപണികളിൽ പുതിയ രൂപത്തിലുള്ള മിരിൻഡ ലഭ്യമായിത്തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു

# എസ്സിലോർ സ്റ്റെല്ലെസ് ലെൻസുകൾക്ക് യു.എസ്. എഫ്ഡിഎ അംഗീകാരം

**കൊച്ചി :** എസ്സിലോർ സ്റ്റെല്ലെസ്റ്റ് ലെൻസുകൾക്ക് യു.എസ്. എഫ്ഡിഎ വിപണി അംഗീകാരം ലഭിച്ചതായി എസ്സിലോർ ലക്സോട്ടിക്ക അറിയിച്ചു. രണ്ട് വർഷത്തിനിടെ ശരാശരി 71% വരെ മായോപിയയുടെ വളർച്ച കുറയ്ക്കാൻ ഈ ലെൻസുകൾക്ക് കഴിയുന്നുവെന്ന് ക്ലിനിക്കൽ പഠനങ്ങൾ വ്യക്തമാക്കുന്നു. 2050ഓടെ നഗരപ്രദേശങ്ങളിലെ കുട്ടികളുടെ ഏകദേശം 50% പേർക്ക് മായോപിയ ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്ന സാഹചര്യത്തിൽ ഇത് വലിയ മുന്നേറ്റമാണെന്ന് എസ്സിലോർ ലക്സോട്ടിക്ക അധികൃതർ പറഞ്ഞു. രാജ്യത്തെ പ്രധാന നഗരങ്ങളിലൂടെയും ഉയർന്ന് വരുന്ന നഗരങ്ങളിലൂടെയും ഈ ലെൻസുകൾ ലഭ്യമാക്കാൻ കമ്പനി പദ്ധതിയിടുന്നു.

# 2250 കോടി രൂപയുടെ മൂലധന സമാഹരണവുമായി ആക്സിസ് ഫിനാൻസ്

**കൊച്ചി:** ആക്സിസ് ബാങ്കിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായ ആക്സിസ് ഫിനാൻസ് ലിമിറ്റഡ് 2250 കോടി രൂപയുടെ പ്രാഥമിക മൂലധന സമാഹരണം നടത്തുന്നു. പ്രമുഖ പ്രൈവറ്റ് ഇക്വിറ്റി സ്ഥാപനമായ കേദാരാ ക്യാപിറ്റലിൽ നിന്ന് പ്രിഫറൻഷ്യൽ ഇഷ്യൂ വഴി സമാഹരിക്കുന്ന 750 കോടി രൂപയും, ആക്സിസ് ബാങ്കിൽ നിന്നുള്ള 1500 കോടി രൂപയുടെ റൈറ്റ്സ് ഇഷ്യൂവും ഇതിൽ ഉൾപ്പെടുന്നു. ആക്സിസ് ഫിനാൻസിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ മൂലധന സമാഹരണമാണിത്. ആദ്യമായാണ് പുറമെ നിന്നുള്ള നിക്ഷേപകനിൽ നിന്ന് കമ്പനി മൂലധനം സ്വീകരിക്കുന്നതെന്ന് ആക്സിസ് ബാങ്ക് എംഡിയും സിഇഒയുമായ അമിതാഭ് ചൗധരി പറഞ്ഞു.

ഈ അധിക മൂലധനം കമ്പനിയുടെ ആസ്തി അടിത്തറ ശക്തിപ്പെടുത്തുകയും അടുത്ത ഘട്ടത്തിലുള്ള വളർച്ചയ്ക്ക് വേഗം പകരുകയും ചെയ്യും. സമാഹരണത്തിലൂടെ കമ്പനിയുടെ ടയർ1 മൂലധനവും മൂലധന പര്യാപ്തത അനുപാതവും ഗണ്യമായി വർദ്ധിക്കും. റീട്ടെയിൽ, എംഎസ്എംഇ, ഹോൾസെയിൽ മേഖലകളിൽ കൂടുതൽ വായ്പകൾ നൽകാൻ ഇത് സഹായിക്കും.

# വിക്ടോറിയ സീക്രട്ട് ഇന്ത്യയുടെ ബ്രാൻഡ് അംബാസഡറായി തൃപ്തി ദിമ്രി

**തിരുവനന്തപുരം:** വിക്ടോറിയ സീക്രട്ട് ഇന്ത്യയുടെ പ്രഥമ ബ്രാൻഡ് അംബാസഡറായി തൃപ്തി ദിമ്രിയെ നിയമിച്ച് അപ്പാരൽ ഗ്രൂപ്പ്. വിപണിയിലെ പ്രമുഖ ബ്രാൻഡുകളായ വിക്ടോറിയാസ് സീക്രട്ട്, പിങ്ക് എന്നിവ ഉൾപ്പെടുന്നതും, ആത്മവിശ്വാസം വളർത്താനും സന്തോഷം പകരാനും വൈവിധ്യമാർന്ന സൗന്ദര്യത്തെ ആഘോഷിക്കാനും പരിശ്രമിക്കുകയും ചെയ്യുന്ന വിക്ടോറിയാസ് സീക്രട്ട്, തങ്ങളുടെ 'സമ്മർ സിഗ്നേച്ചർ' കാമ്പയിൻ ഇന്ത്യയിൽ അവതരിപ്പിച്ചു. ചലച്ചിത്ര താരവും പുതിയ ബ്രാൻഡ് അംബാസഡറുമായ തൃപ്തി ദിമ്രി ആണ് ഈ കാമ്പയ്നിൽ അഭിനയിക്കുന്നത്. വിക്ടോറിയാസ് സീക്രട്ടിന്റെ പാരമ്പര്യം വിളിച്ചോതുന്ന




ഐക്കോണിക് സ് ട്രൈപ്പ് ഡിസൈനിലുള്ള, ധരിക്കാൻ സുഖപ്രദമായ അടിവസ്ത്രങ്ങളും സ്ലീപ്‌വെയറുകളും സമ്മർ സിഗ്നേച്ചർ കളക്ഷനിൽ ഉൾപ്പെടുന്നു. ഈ കളക്ഷന്റെ ലാളിത്യവും ഗ്ലാമറും തൃപ്തിയുടെ അയാസരഹിതമായ ആത്മവിശ്വാസവും ഒത്തുചേരുന്ന പുതിയ കാമ്പെയ്ൻ സമ്മർ സിഗ്നേച്ചർ സ്റ്റൈലുകളുടെ സത്ത ഉൾക്കൊള്ളുന്നതാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# മൊബൈൽ ഫസ്റ്റ് ആക്ടിങ് ടാലന്റ് ഡിസ്ക്കവറി പദ്ധതിയുമായി 'വി '

**കൊച്ചി:** ബിർള സ്റ്റുഡിയോസ് വോഡഫോൺ ഐഡിയയുമായി സഹകരിച്ച് റീൽസ് സേ റിയൽ സ്റ്റാർ എന്ന ആദ്യത്തെ മൊബൈൽ ഫസ്റ്റ് ആക്ടിങ് ടാലന്റ് ഡിസ്ക്കവറി പദ്ധതി അവതരിപ്പിക്കുന്നു. സ്മാർട്ട് ഫോൺ ഉള്ള ആർക്കും സിനിമയുടെ വാതിലുകൾ തുറന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി. വോഡഫോൺ ഐഡിയയുടെ ഡിജിറ്റൽ റീച്ചും ബിർള സ്റ്റുഡിയോസിന്റെ ക്രിയാത്മക, സാംസ്ക്കാരിക കാഴ്ചപ്പാടും പ്രയോജനപ്പെടുത്തിയുള്ള ഈ പുതിയ നീക്കത്തിലൂടെ ഇന്ത്യയിലെ വൈവിധ്യമാർന്നതും പ്രയോജനപ്പെടുത്താതെ പോകുന്നതുമായ കഴിവുകളെ മുഖ്യധാരാ വിനോദ വ്യവസായ മേഖലയിലേക്ക് എത്തിക്കാൻ ഇതു സഹായിക്കുന്നു. എവിടെയുമുള്ള ആർക്കും സാഹചര്യങ്ങളുടെ പരിമിതികൾക്കുള്ളിൽ നിൽക്കാതെ അവസരങ്ങൾ എത്തിക്കാൻ ഇതു സഹായകമാകും.




കഴിവുള്ളവർക്ക് പലപ്പോഴും അർഹമായ അവസരങ്ങൾ ലഭിക്കാറില്ലെന്ന് ഈ സംവിധാനത്തിനു പിന്നിലുള്ള കാഴ്ചപ്പാടിനെ കുറിച്ചു സംസാരിക്കവെ ബിർള സ്റ്റുഡിയോസ് സ്ഥാപകനും ചെയർപേഴ്സണുമായ അനന്യ ബിർള ചൂണ്ടിക്കാട്ടി. ഈയൊരു അകലം പ്രതീക്ഷകളുള്ള പലർക്കും ഈ രംഗത്തെത്തുന്നതിനു തടസമാകും. പരമ്പരാഗത രീതികളിൽ നിന്നു മാറിവൻ തോതിലുള്ള അവസരങ്ങളാണ് തങ്ങൾ സൃഷ്ടിക്കുന്നതെന്നും അനന്യ ബിർള ചൂണ്ടിക്കാട്ടി. അവസരങ്ങൾ സൃഷ്ടിക്കുമ്പോഴാണ് കണക്ടിവിറ്റി തികച്ചും അർത്ഥപൂർണമാകുന്നതെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ വോഡഫോൺ ഐഡിയ സിഇഒ അഭിജിത്ത് കിഷോർ പറഞ്ഞു. പരമ്പരാഗത മേഖലയിലെ തടസങ്ങൾ ഇല്ലാതാക്കുന്നതാണ് റീൽസ് സേ റിയൽ സ്റ്റാർ. രാജ്യമൊട്ടാകെയുള്ള അവസരങ്ങൾക്കു കാത്തിരിക്കുന്നവരിലേക്ക് ഓഡിഷനും എത്തിക്കുകയാണ് ഇതിലൂടെ ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വരിക്കാരുടെ എണ്ണത്തിൽ വി വർധനവ് കൈവരിച്ചെന്ന് ട്രായ് കണക്കുകൾ

**കൊച്ചി:** വരിക്കാരുടെ എണ്ണത്തിൽ തുടർച്ചയായ രണ്ടാം മാസവും ടെലികോം സേവനദാതാക്കളായ വി വർധനവ് കൈവരിച്ചതായി ട്രായ് കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. 2026 മാർച്ചിലെ റിപ്പോർട്ട് പ്രകാരം വോഡഫോൺ ഐഡിയ 1,02,899 വരിക്കാരെ കൂട്ടിച്ചേർത്തു. ഫെബ്രുവരിയിൽ രേഖപ്പെടുത്തിയ 21,927 വരിക്കാരുടെ വർദ്ധനവിന് പിന്നാലെയാണിത്. കമ്പനിയുടെ വരിക്കാരുടെ അടിത്തറ സ്ഥിരത കൈവരിക്കുന്നതിന്റെ പ്രാഥമിക സൂചനയായാണ് ഈ വളർച്ചയെ വിലയിരുത്തുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. കമ്പനി മാർച്ച് മാസത്തിൽ 1,92,211 ഗ്രാമീണ വരിക്കാരെ കൂട്ടിച്ചേർത്തു.



കേരളത്തിലെ മാത്രം സ്ഥിതി പരിശോധിച്ചാൽ മാർച്ച് മാസത്തിൽ 27,082 വരിക്കാരെയാണ് കൂട്ടിച്ചേർത്തത്. മറ്റ് 14 സർക്കിളുകളിലും മികച്ച രീതിയിൽ ഉപഭോക്താക്കളെ കൂട്ടിച്ചേർത്തിട്ടുണ്ട്. വി ശൃംഖല വിപുലീകരണത്തിനായി നടത്തുന്ന നിക്ഷേപങ്ങളും മാറിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ വളർത്തിയെടുക്കുന്ന തന്ത്രങ്ങളുമാണ് ഈ വളർച്ചയ്ക്ക് കാരണം. പരിധിയില്ലാതെ 4ജി ഡാറ്റ ലഭ്യമാക്കുന്ന നോൺസ്റ്റോപ് ഹീറോ, പകുതി ദിവസം പരിധിയില്ലാതെ 4ജി ലഭ്യമാക്കുന്ന സൂപ്പർ ഹീറോ, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന 5ജി വിന്യാസം തുടങ്ങിയവയ്ക്ക് ഉപഭോക്താക്കൾക്കിടയിൽ വലിയ സ്വീകാര്യത നേടിത്തുടങ്ങിയിട്ടുണ്ട്. അടുത്തിടെ 90 നഗരങ്ങളിലേക്ക് കൂടി 5ജി വിപുലീകരിക്കുന്നതായി വി പ്രഖ്യാപിച്ചതോടെ മെയ് മാസത്തോടെ വിയുടെ 5ജി സേവനങ്ങൾ 133 നഗരങ്ങളിലെത്തും. കഴിഞ്ഞ രണ്ട് മാസമായി തുടരുന്ന വളർച്ചാ പ്രവണത അടിവരയിട്ടുകൊണ്ട് ഫെബ്രുവരിയിൽ 15 സർക്കിളുകളിലായി വി വരിക്കാരുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു.

# എഐ ടച്ച് പാനലുള്ള എഫ്11 സീരീസ് വാഷിംഗ് മെഷീൻ പുറത്തിറക്കി ഹയർ




**കോഴിക്കോട്:** ഹെയർ അപ്ലയൻസസ് ഇന്ത്യ എഐ ടച്ച് പാനലോട് കൂടിയ എഫ്11 വാഷിംഗ് മെഷീൻ സീരീസ് പുറത്തിറക്കി. തുണികൊണ്ടുള്ള ദുർഗന്ധം, ഡിറ്റർജന്റ് പാഴാക്കൽ തുടങ്ങിയ സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഹയർ എഫ്11 വാഷിംഗ് മെഷീൻ അൾട്രാ ഫ്രഷ് എയർ സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്ത്രങ്ങൾ 12 മണിക്കൂർ വരെ പുതുമയോടെ നിലനിർത്തുന്നതായി കമ്പനി വ്യക്തമാക്കുന്നു.

എസെൻസ് വാഷ്, ഇൻസ്റ്റന്റ് ഡിസോൾവ് പ്രീമിക്സ് സാങ്കേതികവിദ്യകൾ എന്നിവ കൂടാതെ 3D പവർ സ്പ്രേയിംഗും മോഡലിൽ ഉൾപ്പെടുന്നു. ഉപയോക്താക്കൾക്ക് മൂന്ന് സെക്കൻഡ് പ്രസ്സ് ഉപയോഗിച്ച് സ്മാർട്ട് വാഷ് ആരംഭിക്കാനും വാഷ് പാരാമീറ്ററുകൾ സ്വയമേവ സജ്ജമാക്കാനും അനുവദിക്കുന്നതായി കമ്പനി പറയുന്നു.

പൂർണ്ണ എഐ കളർ ടച്ച് പാനൽ, എഐ വൺ ടച്ച്, 525 എംഎം സൂപ്പർ ഡ്രം, ഡ്യുവൽ സ്പ്രേ തുടങ്ങിയ ഫീച്ചറുകളും ഈ വാഷിംഗ് മെഷീനിലുണ്ട്. നൂതന സാങ്കേതികവിദ്യ എല്ലാവർക്കും മനസിലാകുന്നതും ആക്സസ് ചെയ്യാവുന്നതുമാക്കി മാറ്റുന്നതിനൊപ്പം അനുഭവം ലളിതമാക്കുന്നതിനാണ് പുതിയ ഹെയർ എഫ്11 ന്റെ ഓരോ ഫീച്ചറുകളും രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഹയർ അപ്ലയൻസസ് ഇന്ത്യ സിഇഒ എൻ.എസ്. സതീഷ് പറഞ്ഞു.

